(ബി) സംസ്ഥാനത്തെ ജയിലുകളിൽ 6217 തടവുകാരെ പാർപ്പിക്കുവാനുള്ള ശേഷിയാണുള്ളത്. എന്നാൽ ഏകദേശം 7000-ത്തിലധികം തടവുകാരെ പാർപ്പിച്ചിട്ടുണ്ട്. ഇതിന് പരിഹാരമായി 500 തടവുകാരെ പാർപ്പിക്കുവാൻ സൗകര്യമുള്ള അതിസുരക്ഷാ ജയിൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ തവനൂർ സെൻട്രൽ ജയിൽ, മൂട്ടം, മലമ്പുഴ എന്നീ ജില്ലാ ജയിലുകളുടെയും നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇവയുടെ നിർമ്മാണം കൂടി പൂർത്തിയാകുമ്പോൾ തടവുകാരെ പാർപ്പിക്കുന്നതിന് ആവശ്യമുള്ളതിലധികം സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്.

(സി) പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ്, വാർഷിക പദ്ധതികൾ എന്നിവ പ്രകാരം ലഭിച്ച തുകകൾ വിനിയോഗിച്ചുകൊണ്ട് കേരളത്തിലെ ജയിലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പുതിയതായി ആരംഭിച്ചിട്ടുള്ള ജയിലുകളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള വാർഡർ ജീവനക്കാരെ പുന:ക്രമീകരിക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

**ജയിലുകളിലുള്ള കുട്ടികളുടെ പരിപാലനം**

241 (1985) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ അമ്മമാർക്കൊപ്പം കഴിയുന്ന കുട്ടികളുടെ വിദ്യാഭ്യാസം, മാനസിക, ശാരീരിക വളർച്ച, ബുദ്ധി വികാസം എന്നിവ ഉറപ്പാക്കുന്നതിന് എന്തെല്ലാം ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം കുട്ടികളുടെ സംരക്ഷണത്തിനായും പരിപാലനത്തിനായും പ്രത്യേകിച്ച് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് രീതിയിലാണ് ഇവരുടെ പരിപാലനം ഉറപ്പുവരുത്തുന്നതെന്ന് അറിയിക്കുമോ;

(സി) സാമൂഹിക നീതി വകുപ്പ് അംഗനവാടികൾ വഴി ലഭ്യമാക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഇത്തരം കുട്ടികൾക്ക് ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത് ഉറപ്പുവരുത്തുമോയെന്ന് അറിയിക്കുമോ;

(ഡി) കുട്ടികളെ പാർപ്പിക്കാൻ സൗകര്യമില്ലാത്ത ജയിലുകളിൽ ഇത്തരം തടവുകാരെ പാർപ്പിക്കുന്നുണ്ടോ; എങ്കിൽ ഇത്തരം തടവുകാരെ സൗകര്യമുള്ള ഇടത്തേയ്ക്ക് മാറ്റുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ജയിലിൽ പ്രവേശിപ്പിക്കപ്പെടുന്ന സ്ത്രീകളുടെ ആറ് വയസ്സുവരെ പ്രായമുള്ള കുട്ടികളെ ജയിലിൽ കഴിയാൻ ജയിൽ നിയമം അനുവദിക്കുന്നുണ്ട്. അതിനുശേഷം അമ്മമാരുടെ സമ്മതത്തോടെ കുടുംബാംഗങ്ങളെയോ, സന്നദ്ധ സംഘടനകളെയോ ഏൽപ്പിക്കുകയും ചെയ്യുന്നു. തിരുവനന്തപുരം, വിയ്യൂർ വനിതാ ജയിലുകളിൽ ക്രഷ് പ്രവർത്തിച്ചുവരുന്നുണ്ട്. കണ്ണൂർ വനിതാ ജയിലിൽ ക്രഷിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കും. സ്ത്രീ തടവുകാരോടൊപ്പമുള്ള കുട്ടികൾക്ക് മെഡിക്കൽ ഓഫീസർമാരുടെ നിർദ്ദേശമനുസരിച്ച് പോഷകാഹാരവും, വാക്സിനേഷനും മറ്റും നൽകുന്നുണ്ട്. കുട്ടികൾക്കാവശ്യമായ വസ്ത്രങ്ങളും, കളിപ്പാട്ടങ്ങളും ജയിലിൽ നൽകിവരുന്നുണ്ട്. കൂടാതെ കൈക്കുഞ്ഞുങ്ങൾക്ക് തൊട്ടിലും, കൊതുകുവലയും നൽകുന്നുണ്ട്.

(സി) നൽകിവരുന്നുണ്ട്.

(ഡി) കോടതികൾ ശിക്ഷ വിധിക്കുകയോ, റിമാന്റ് ചെയ്യുകയോ ചെയ്യുന്ന വനിതാ തടവുകാർക്ക് ആറ് വയസ്സുവരെ പ്രായമുള്ള കുട്ടികളുണ്ടെങ്കിൽ അങ്ങനെയുള്ളവരെ ഉടൻതന്നെ വനിതാ ജയിലുകളിലേയ്ക്ക് മാറ്റി പാർപ്പിക്കാറുണ്ട്.

**ഗ്രാമപഞ്ചായത്തിന് സ്ഥലം കൈമാറൽ**

242 (1986) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമുളക്കൽ വില്ലേജിൽ ആയൂർ ജംഗ്ഷന് സമീപം വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 15 സെന്റ് സ്ഥലം, വനമേഖലയിൽപ്പെട്ടതല്ലെന്നും റവന്യൂ വക സ്ഥലമാണെന്നുള്ള ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം അനധികൃത കയ്യേറ്റം മൂലം ഏറെ വർഷക്കാലമായി കാടു പിടിച്ച സ്ഥിതിയിൽ സാമൂഹ്യ വിരുദ്ധരുടെ താവളമായി മാറിയിരിക്കുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലം വികസന പ്രവർത്തനങ്ങൾക്കായി ഇടമുളക്കൽ ഗ്രാമപഞ്ചായത്തിന് വിട്ട് നൽകണം എന്ന് ആവശ്യപ്പെട്ട് വനം വകുപ്പിനും, വകുപ്പ് മന്ത്രിക്കും നൽകിയ കത്ത് പരിശോധിച്ചോ; ആയതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യങ്ങൾ അടിയന്തരമായി പരിഗണിച്ച് സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?